പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1954 **26-10-2026-ൽ മറുപടിയ്ക്ക്**

സ്വകാര്യ ആശുപത്രികളിലെ ചികിത്സ ചെലവ് നിയന്ത്രിക്കുന്നതിന് നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. മുരളീധരൻ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ രോഗികളുടെ തിരക്കും ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തതയും കാരണം ജനങ്ങൾ സ്വകാര്യ ആശുപത്രികളെ സമീപിക്കുന്നതും സ്വകാര്യ ആശുപത്രികൾ ചികിത്സയുടെ പേരിൽ രോഗികളെ സാമ്പത്തികമായി ചൂഷണം ചെയ്യുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: നാളിത് വരെയായി അത്തരം പരാതികൾ ലഭ്യമായിട്ടില്ല.

(ബി) സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചെലവ്, മരുന്നുകളുടെ വില, പരിശോധനാനിരക്കുകൾ എന്നിവ നിയന്ത്രിക്കുന്നതിനായും അമിത ചൂഷണം തടയുന്നതിനുമായി ഇവയുടെ നിരക്കുകൾ ഏകീകരിക്കുന്നതിനും ഇവ ആശുപത്രികളിൽ പരസ്യമായി പ്രദർശിപ്പിക്കുന്നതിനും ഉള്ള നിയമനിർമാണം നടത്തുന്നതിനും സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് സെക്ഷൻ 39(2) പ്രകാരം ഓരോ ക്ലിനിക്കൽ സ്ഥാപനവും, അവിടെ നൽകി വരുന്ന ഓരോ തരത്തിലുള്ള സേവനങ്ങൾക്കും ലഭ്യമായ സൗകര്യങ്ങൾക്കും ഈടാക്കുന്ന ഫീസ് നിരക്കും പാക്കേജ് നിരക്കും രോഗികളുടെ അറിവിലേക്കായി ആ ക്ലിനിക്കൽ സ്ഥാപനത്തിലെ ശ്രദ്ധിക്കപ്പെടുന്ന ഒരു സ്ഥലത്ത് മലയാളത്തിലും അതുപോലെ ഇംഗ്ലീഷിലും പ്രദർശിപ്പിക്കേണ്ടതാണ്.

ചട്ടം 39 (3) പ്രകാരം സംസ്ഥാനത്തെ എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും പ്രത്യേക നടപടിക്രമങ്ങൾക്കായുള്ള പാക്കേജ് പ്രദർശിപ്പിക്കേണ്ടതാണ്.

ചട്ടം 39 (4) പ്രകാരം യാതൊരു ക്ലിനിക്കൽ സ്ഥാപനവും പ്രദർശിപ്പിച്ചിട്ടുള്ളതിനെക്കാൾ കൂടുതൽ ഫീസോ പാക്കേജ് നിരക്കോ ഈടാക്കാൻ പാടുള്ളതല്ല എന്നിങ്ങനെ നിഷ്കർഷിച്ചിട്ടുള്ളതാണ്.

2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ചട്ടങ്ങളിലെ ചട്ടം 19 (1) പ്രകാരം ഓരോ ക്ലിനിക്കൽ സ്ഥാപനവും, ആ സ്ഥാപനത്തിൽ നിന്നും നൽകിവരുന്ന ഓരോ തരത്തിലുള്ള സേവനങ്ങൾക്കും ലഭ്യമായ സൗകര്യങ്ങൾക്കും ഈടാക്കുന്ന ഫീസ് നിരക്കും രോഗികളുടെയും രോഗികളുടെ ബന്ധുക്കളുടെയും അറിവിലേക്കായി ആ ക്ലിനിക്കൽ സ്ഥാപനത്തിലെ ശ്രദ്ധിക്കപ്പെടുന്ന സ്ഥലത്ത് മലയാളത്തിലും ഇംഗ്ലീഷിലും അച്ചടിച്ചോ ഡിജിറ്റലായോ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. ഇപ്രകാരം പ്രദർശിപ്പിക്കേണ്ട വിവരങ്ങളുടെ ബാഹുല്യമനുസരിച്ച് അവ

രോഗികൾക്കോ ബന്ധുക്കൾക്കോ ലഭ്യമാകത്തക്ക വിധത്തിൽ സ്ഥാപനത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിലോ ഉചിതമായ മറ്റ് രീതിയിലോ വിശദമായി പ്രസിദ്ധീകരിക്കേണ്ടതും പ്രസ്തുത വെബ്സൈറ്റ് സന്ദർശിക്കേണ്ട വിലാസവും വിധവും സാധാരണക്കാർക്ക് കൂടി മനസ്സിലാകത്തക്കവിധം മലയാളത്തിലും ഇംഗ്ലീഷിലും, അപ്രകാരം പ്രദർശിപ്പിക്കേണ്ട സ്ഥലത്തുതന്നെ രേഖാമൂലം പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.

ചട്ടം 19 (2) പ്രകാരം ഡിജിറ്റൽ ഡാറ്റ ആണ് പ്രദർശിപ്പിക്കുന്നതെങ്കിൽ രോഗികൾക്കും രോഗികളുടെ ബന്ധുക്കൾക്കും ഡിജിറ്റൽ ഡാറ്റ പരിശോധിക്കാൻ ക്ലിനിക്കൽ സ്ഥാപനങ്ങൾ അവരുടെ പരിസരത്തിനുള്ളിൽ ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ചട്ടം 19 (3) പ്രകാരം റിസപ്ഷനിൽ, ചികിത്സാ നടപടിക്കായുള്ള പാക്കേജിന്റെ നിരക്കുകൾ അച്ചടിച്ച പകർപ്പായോ ഡിജിറ്റൽ ആയോ ലഭ്യമാക്കേണ്ടതും രോഗിയോ രോഗിയുടെ ബന്ധുക്കളോ ആവശ്യപ്പെടുന്ന മുറയ്ക്ക് ആയതിന്റെ പകർപ്പ് വായനക്കായി നൽകേണ്ടതുമാണ്. ആവശ്യപ്പെടുന്ന പക്ഷം അതിലേക്ക് നേരിടുന്ന യഥാർത്ഥ ചെലവ് ഈടാക്കി, പകർപ്പുകൾ ലഭ്യമാക്കാവുന്നതാണ്.

ചട്ടം 19 (4) പ്രകാരം ക്ലിനിക്കൽ സ്ഥാപനങ്ങൾ രോഗികൾക്കു ചികിൽസയും പരിശോധനയും കൺസൾട്ടേഷൻ ചാർജ്ജുകളും മറ്റ് ചാർജ്ജുകളും വ്യക്തമാക്കി വിശദമായ ബില്ല് നൽകേണ്ടതാണ്; എന്നിങ്ങനെയും നിഷ്കർഷിച്ചിട്ടുള്ളതാണ്.

പ്രദർശിപ്പിച്ച നിരക്കിനെക്കാൾ കൂടുതൽ തുക ഈടാക്കിയാൽ 2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിന് വിധേയമായി രൂപീകരിച്ചിട്ടുള്ള പരാതി പരിഹാര സമിതിയ്ക്ക് പൊതു ജനങ്ങൾക്ക് സൗജന്യമായി ഓൺലൈൻ ആയി പരാതി സമർപ്പിക്കാവുന്നതാണ്.

2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് സെക്ഷൻ 26 (2) പ്രകാരം ഈ ആക്ടിലെ ഏതെങ്കിലും വ്യവസ്ഥ ലംഘിക്കുന്ന ഏതൊരാളും, ഈ ആക്ടിൽ മറ്റൊരിടത്തും ശിക്ഷ വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിൽ, ആദ്യത്തെ ലംഘനത്തിന് പതിനായിരം രൂപവരെയാകാവുന്ന പിഴശിക്ഷയ്ക്കും രണ്ടാമത്തെ ലംഘനത്തിന് അൻപതിനായിരം രൂപ വരെയാകാവുന്ന പിഴശിക്ഷയ്ക്കും തുടർന്നുള്ള ഏതെങ്കിലും ലംഘനത്തിന് അഞ്ച് ലക്ഷം രൂപ വരെയാകാവുന്ന പിഴശിക്ഷയ്ക്കും ശിക്ഷിക്കപ്പെടാവുന്നതാണ്. എന്നാൽ, ഈ വകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്നവിധം കുറ്റം ഗുരുതര സ്വഭാവമുള്ളതാണെന്ന്, ബന്ധപ്പെട്ട ആൾക്ക് അല്ലെങ്കിൽ ക്ലിനിക്കൽ സ്ഥാപനത്തിന് നോട്ടീസ് നൽകിയശേഷം അന്വേഷണ വിചാരണ നടത്തി കൗൺസിൽ തീരുമാനിക്കുന്ന പക്ഷം, പിഴശിക്ഷയ്ക്കു പുറമെ ക്ലിനിക്കൽ സ്ഥാപനം അടച്ചുപൂട്ടുന്നതിന് കൗൺസിലിന് ഉത്തരവിടാവുന്നതാണ് എന്നിങ്ങനെ നിഷ്കർഷിച്ചിട്ടുള്ളതാണ്.

2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് സെക്ഷൻ 39, ചട്ടം 19 എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുന്നതിനായി കൗൺസിലിൽ നിന്നും എല്ലാ ജില്ലാ രജിസ്ട്രറിംഗ് അതോറിറ്റികൾക്കും 15.10.2025-ലെ No.288/ADMN/ KSCCE/2025 എന്ന നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ സ്വകാര്യ ആശുപത്രികളിലെ ഉയർന്ന ചികിത്സാ ചെലവുകൾ പരിശോധിക്കുന്നതിനും ആരോഗ്യ പരിചരണ സേവനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു സമിതി രൂപീകരിക്കുന്ന കാര്യത്തിൽ നടപടി പുരോഗമിച്ചു വരുന്നു.

(സി) മെഡിക്കൽ ഇൻഷുറൻസ് പദ്ധതികളിൽ അംഗങ്ങളായ രോഗികളിൽ നിന്നും സ്വകാര്യ ആശുപത്രികൾ, സാധാരണ രോഗത്തിനുള്ള ചികിത്സകൾക്ക് പോലും അനാവശ്യ ചികിത്സാ

ചെലവുകൾ ഉൾപ്പെടുത്തി വൻ തുക ഈടാക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നിയമനടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ